# MARY MATHA ARTS & SCIENCE COLLEGE MANANTHAVADY

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് 2025-26

## പൊതു നിർദേശങ്ങൾ

**1)** തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ അറിയിപ്പുകളും **കോളേജ് വെബ്സൈറ്റിലും, കോളേജ് നോട്ടീസ് ബോർഡിലും** അതാത് സമയങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**2)** തെരഞ്ഞെടുപ്പ് പ്രചരണാർഥം **21-08-2025** മുതൽ **25-08-2025** വരെ, വെള്ളിയാഴ്ചത്തെ *സമയക്രമം* ആയിരിക്കും പിന്തുടരുന്നത്.

**3)** ക്യാമ്പസിനകത്ത് **പതാകകൾ, കൊടിതോരണങ്ങൾ, ഉച്ചഭാഷിണികൾ, ബാനറുകൾ, വാദ്യോപകരണങ്ങൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ** എന്നിവ അനുവദിക്കുന്നതല്ല.

**4) പ്രിന്റ് ചെയ്ത പോസ്റ്ററുകൾ** പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ല.

**5) മുദ്രാവാക്യങ്ങളും, റാലികളും** ക്യാമ്പസ്സിനകത്ത് അനുവദിക്കുന്നതല്ല.

**6)** ക്യാമ്പസ്സിന്റെ പ്രവേശന കവാടങ്ങളിൽ രണ്ടിടത്തും (Main Road Side & Near to Security Cabin) **ബാനറുകളോ, പതാകകളോ, കൊടിതോരണങ്ങളോ** ഉപയോഗിക്കാൻ പാടില്ല.

*7)* ക്ലാസ്സ് സമയങ്ങളിൽ, **തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളോ, പ്രചാരണ പ്രവർത്തനങ്ങളോ** അനുവദിക്കുന്നതല്ല. *അനുവദനീയമായ സമയത്ത് സ്ഥാനാർത്ഥിക്ക് പ്രചാരണം നടത്താവുന്നതാണ്.*

**8)** തെരഞ്ഞെടുപ്പ് പ്രചാരണം **25-08-2025-ന് 12.30 pm വരെ** ആയിരിക്കും.

**9)** നോമിനേഷൻ സമർപ്പിക്കുമ്പോൾ പേരുകൾ **വോട്ടർ പട്ടികയിൽ** ചേർത്തിരിക്കുന്നതുപോലെ എഴുതേണ്ടതാണ്.

**10)** നോമിനേഷൻ പൂരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാൻ ഒരു **ഹെൽപ് ഡെസ്ക്** പ്രവർത്തിക്കുന്നതായിരിക്കും.

**11)**തെരഞ്ഞെടുപ്പിൽ **ഗ്രീൻ പ്രോട്ടോകോൾ, ഹെൽത്ത് പ്രോട്ടോകോൾ** എന്നിവ പാലിക്കേണ്ടതാണ്.

*12)* തെരഞ്ഞെടുപ്പിനുവേണ്ടി ചെയ്ത **എല്ലാ പ്രചാരണ ബോർഡുകളും, അലങ്കാരങ്ങളും, തോരണങ്ങളും, ബാനറുകളും** *തെരഞ്ഞെടുപ്പ് ഫലം വന്നു 48 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.*

13) ഒരു വോട്ടർ ഒരേ പോസ്റ്റിലേക്ക് ഒന്നിലധികം വ്യക്തികളെ **പ്രൊപ്പോസ് ചെയ്യാനോ, സെക്കന്റ് ചെയ്യാനോ** പാടില്ല.

14) ഒരു പോസ്റ്റിലേക്ക് ഒരാളെ **പ്രൊപ്പോസ് ചെയ്ത വ്യക്തി** അതേ പോസ്റ്റിലേക്ക് മറ്റൊരാളെ **സെക്കന്റ് ചെയ്യാൻ** പാടില്ല.

15) ഒരു പോസ്റ്റിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട വ്യക്തി, മറ്റൊരാളെ അതേ പോസ്റ്റിലേക്ക് **പ്രൊപ്പോസ് ചെയ്യാനോ സെക്കൻഡ് ചെയ്യാനോ** പാടില്ല.

16) **സൂക്ഷ്മപരിശോധനയുടെ** സമയത്ത് സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ വോട്ടർ പട്ടികയിൽ നിന്ന് സ്ഥാനാർത്ഥി നാമനിർദേശം ചെയ്യുന്ന വ്യക്തിക്കോ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ.

17) **വോട്ടർ പട്ടികയിൽ പേരുള്ള കോളേജ് വിദ്യാർഥികൾക്കു മാത്രമേ** കോളേജ് ക്യാമ്പസിനുള്ളിൽ തെരഞ്ഞെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ അനുമതിയുള്ളൂ.

18) ഇലക്ഷനിൽ മത്സരിക്കുന്നവർക്ക് **മിനിമം 75 ശതമാനം ഹാജർ** ഇലക്ഷൻ നോട്ടിഫൈ ചെയ്ത ദിവസം (14/08/25) വരെ ഉണ്ടായിരിക്കണം, അരിയർ പേപ്പറുകൾ ഉണ്ടാകാനോ, ഇവർ അച്ചടക്ക നടപടികൾ നേരിട്ടവരോ ആകാൻ പാടില്ല . അതുപോലെ തന്നെ, ഫീസ് കുടിശ്ശിക പാടില്ല. ഈ നാലു കാര്യങ്ങളും സത്യമാണെന്നുള്ള വകുപ്പ് തലവന്മാരുടെ സാക്ഷ്യപ്പെടുത്തൽ നാമനിർദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

19) **19/08/2025 Tuesday**: നോമിനേഷൻ കൊടുക്കുന്ന **ജനറൽ സീറ്റുകളിലെ സ്ഥാനാർത്ഥികൾ** 12.30- ക്കുള്ളിൽ *100/- (നൂറ്) രൂപ ഫീസ് ഓഫീസിൽ അടച്ചു റെസീപ്റ്റ് മേടിക്കേണ്ടതാണ്.*

20) **വോട്ടെടുപ്പ് 26-08-2025 Tuesday 9.30 am മുതൽ 12.30 pm വരെ ആണ്.** വോട്ടെടുപ്പ് നടക്കുന്ന സമയം പോളിംഗ് ബൂത്തിൽ പ്രിസൈഡിങ് ഓഫീസറുടെയും അയാൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ എല്ലാ വോട്ടർമാരും പാലിക്കേണ്ടത് ആണ്.

21) വോട്ടു ചെയ്യുന്നതിന് **യൂണിഫോം, കോളേജിന്റെ തിരിച്ചറിയൽ കാർഡ്** ഇവ നിർബന്ധമാണ്.

22) **വോട്ട് നടക്കുന്ന ദിവസം:** വോട്ട് ചെയ്യുന്നതിന് മുൻപ് തന്നെ ബൂത്തിൽ വോട്ട് ചെയ്യാനുള്ള യാതൊരു തടസ്സവും ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

23) വോട്ട് നടക്കുന്ന ദിവസമുള്ള ബൂത്തിലെ പ്രശ്നങ്ങൾ അവിടെയുള്ള **പ്രിസൈഡിങ് ഓഫീസറോട്** റിപ്പോർട്ട് ചെയ്യേണ്ടതാണ്.

24) **നോമിനേഷൻ കൊടുക്കുന്ന ദിവസം (19/08/2025 Tuesday) :** നോമിനേഷൻ കൊടുക്കാൻ താല്പര്യമുള്ളവർ **ഒരു മണിക്കു മുമ്പ്** കോളേജ് ഓഡിറ്റോറിയത്തിൽ എത്തിച്ചേരേണ്ടതാണ്. ഒരു മണിക്ക് ശേഷവും നോമിനേഷൻ സ്വീകരിക്കാൻ സമയം കൂടുതൽ എടുക്കുന്നുവെങ്കിൽ *ടോക്കൺ കൊടുക്കുന്നതാണ്.*

25) ഒരു മണിക്ക് ശേഷവും നോമിനേഷൻ സ്വീകരിക്കാൻ സമയം അരമണിക്കൂറിൽ കൂടുതൽ എടുക്കുന്നുവെങ്കിൽ *യൂണിവേഴ്സിറ്റിയിൽ അപേക്ഷ കൊടുക്കുന്നതാണ്.*

26) **വ്യക്തിഗത തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെയും, ഗ്രൂപ്പ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെയും** സമയക്രമങ്ങൾ വ്യത്യസ്തമാണ് .

27) സ്ഥാനാർത്ഥികൾ മുഴുവൻ സമയവും **ID കാർഡ്** ധരിക്കേണ്ടതാണ്.

28) **വ്യക്തിഗത തെരഞ്ഞെടുപ്പ് പ്രചാരണം**: 21/08/2025 മുതൽ 25/08/2025 വരെ (സമയം : 12.30 - 1.40). ഈ സമയങ്ങളിൽ പ്രസംഗങ്ങൾ പാടില്ല.

29) **ഗ്രൂപ്പ് തെരഞ്ഞെടുപ്പ് പ്രചാരണം**: 21/08/2025 മുതൽ 25/08/2025 വരെ. ഈ ദിവസങ്ങളിൽ ക്ലാസ് നടക്കുന്ന സമയങ്ങളിൽ പ്രചരണം നടത്താവുന്നതാണ് (21/08/2025-തീയ്യതി മുഴുവൻ സമയവും, 22/08/2025-തീയ്യതി രാവിലെ മുതൽ 12.30 വരെ, 25/08/2025-തീയ്യതി രാവിലെ മുതൽ 12.30 വരെ) .

30) **ഹാജർ** : 21/08/2025-ലെയും 22/08/2025-ലെയും 25/08/2025-ലെയും (മൂന്ന് ദിവസങ്ങളിലെ) ഹാജറിന് സ്ഥാനാർത്ഥിയും അവരെ പിന്താങ്ങിയ അല്ലെങ്കിൽ നിർദ്ദേശിച്ച ഒന്നാമത്തെയും രണ്ടാമത്തെയും വ്യക്തികളും അർഹരാണ്.

31) **സ്ഥാനാർത്ഥികളുടെ യൂണിഫോം**: 19/08/2025-നും 21/08/2025-നും 22/08/2025-നും 25/08/2025-നും (4 ദിവസം) സ്ഥാനാർത്ഥികൾക്ക് മാത്രം യൂണിഫോം നിർബന്ധമല്ല.

32) യൂണിഫോം ധരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർദ്ദേശിക്കുന്ന *കൗൺസിലിന്റെ തീരുമാനങ്ങൾ അന്തിമമാണ്.*

33) നോമിനേഷൻ സമർപ്പിക്കുന്ന അപേക്ഷയിൽ ജനനത്തീയതി കണക്കുകൂട്ടുന്നത് **14/08/2025** അടിസ്ഥാനമാക്കിയാണ് .

34) **മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികളും** വോട്ട് ചെയ്യാൻ അർഹരാണ് .

35) വോട്ടെടുപ്പ് ദിവസം ഉച്ചകഴിഞ്ഞ് മുഴുവൻ വോട്ടുകളും എണ്ണി കഴിഞ്ഞ ശേഷം **കോളേജിന്റെ ഗേറ്റിൽ വച്ച്** തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതായിരിക്കും .

36) നോമിനേഷൻ സമർപ്പിക്കുന്ന അപേക്ഷയിൽ **പേരും, മത്സരിക്കുന്ന സ്ഥാനങ്ങളുടെ പേരും** അവസാനം എല്ലാ തിരുത്തലോടുകൂടി പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ ഉള്ളതുപോലെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

37) **നോമിനേഷകളുടെ സ്വീകരണവും (ഒരു മണിവരെ),** പിന്നീടുള്ള **സൂക്ഷ്മ പരിശോധനയും (മൂന്ന് മണിവരെ) 19/08/2025 ചൊവ്വാഴ്ച** കോളേജിൽ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും. രണ്ടുമായി ബന്ധപ്പെട്ട കമ്മറ്റികളുടെ തീരുമാനങ്ങൾ അന്തിമമാണ്.

38) വോട്ടർ പട്ടികയിൽ പേരുള്ള ***കോളേജ് വിദ്യാർത്ഥികൾക്ക്*** വോട്ട് ചെയ്യാവുന്നതാണ്.

39) കണ്ണൂർ യൂണിവേഴ്സിറ്റി ഇലക്ഷൻ ഷെഡ്യൂളിൽ നിർദേശിച്ചിട്ടുള്ള കാര്യങ്ങൾ *കോളേജിൽ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതാണ്.*

40) കോളേജിൽ വരാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് വോട്ടർ പട്ടികയിലെ വിവരങ്ങൾ *കോളേജ് വെബ്സൈറ്റ് വഴി പരിശോധിക്കാവുന്നതാണ്.* **തിരുത്തലുകൾ** ഉണ്ടെങ്കിൽ അതതു ഡിപ്പാർട്ട്മെന്റിലെ മെൻഡർമാരെ അറിയിക്കേണ്ടതാണ്.

41) അതുപോലെ, *മീറ്റ് ദ കാൻഡിഡേറ്റ് പരിപാടി ഉണ്ടായിരിക്കുന്നതാണ്.* 22/08/2025 (വെള്ളി ) ഉച്ചകഴിഞ്ഞു 1.40 മണി മുതൽ.

42) **ഇലക്ഷൻ നടക്കുന്ന ദിവസമായ 26/08/2025-നു (ചൊവ്വ)** വോട്ട് ചെയ്യാൻ അർഹരായ എല്ലാ കോളേജി വിദ്യാർത്ഥികളും **യൂണിഫോം** ധരിച്ച് വരേണ്ടതാണ് .

43) **സ്ഥാനാർഥികളുടെ പ്രചാരണം സംബന്ധിച്ച നിർദ്ദേശങ്ങൾ: (21/08/2025 മുതൽ 25/08/2025 വരെ മാത്രം)**

i. ഒരു പാനലിൽ പെട്ട വിദ്യാർത്ഥികൾക്ക് ഒരു ക്ലാസിൽ **പരമാവധി 10 മിനിറ്റ്** മാത്രമേ സംസാരിക്കാൻ അനുവാദമുള്ളൂ.

ii. അധ്യാപകർക്ക് *ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ* ക്ലാസുകളിൽ പ്രചാരണം നടത്തേണ്ടതാണ്.

iii. **ക്ലാസ് തുടങ്ങി അധ്യാപകൻ ഹാജർ എടുത്തതിനുശേഷം** മാത്രമേ സ്ഥാനാർത്ഥികൾ ക്ലാസുകളിൽ കയറാൻ പാടുള്ളൂ.

iv. സ്ഥാനാർത്ഥികൾ കൂടാതെ ***ഒരു പാനലിനെ സപ്പോർട്ട് ചെയ്യുന്ന ഒരാൾക്ക് മാത്രമേ*** ഒരു ക്ലാസിൽ സംസാരിക്കാൻ അനുവാദം ഉണ്ടാവുകയുള്ളൂ.

**44) കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും, കോളേജിന്റെയും, ലിങ്ദോ കമ്മിറ്റിയുടെയും** നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് സ്ഥാനാർഥിത്വം അസാധുവാക്കപ്പെടുന്നതിനും ഇലക്ഷൻ മാറ്റി വെക്കപ്പെടുന്നതിനും കാരണമാകാം.

**NB: മുകളിൽ പരാമർശിച്ച എല്ലാ നിർദേശങ്ങളും ലിങ്ദോ കമ്മിറ്റിയുടെ ശുപാർശക്കും, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കും വിധേയമായിരിക്കും.**

**18-08-2025**

മാനന്തവാടി

ഇലക്ഷൻ കമ്മിറ്റി പ്രതിനിധികൾ:

| സീരിയൽ നമ്പർ | പേര് | പഠനത്തിന്റെ വർഷം | ക്ലാസ് | ഒപ്പ് |
|---|---|---|---|---|
| 1) | ADORN T M | III | S5 - BA FUNCTIONAL ENGLISH | |
| 2) | MUHAMMED RAHOOF T A | III | S5 - BA SOCIAL SCIENCE ECONOMICS | |
| 3) | MUHAMMAD FAJNAS | III | S5 - BA FUNCTIONAL ENGLISH | |
| 4) | SHIJAZ AHAMMED | III | S5 - BCom | |
| 5) | KIRAN GEORGE | III | S5 - BCom | |
| 6) | AMEENUL NIHAL SADHIQUE | III | S5 - B.Sc. MATHEMATICS | |
| 7) | JITHIN BABY | III | S5 - BCom | |
| 8) | MUHAMMAD SINAN K | III | S5 - BA FUNCTIONAL ENGLISH | |
| 9) | RISHAN SIDDIQ | II | S3 - BA SOCIAL SCIENCE ECONOMICS | |
| 10) | AKASH ANIL | II | S3 - BA SOCIAL SCIENCE ECONOMICS | |
| 11) | AKHIL VINOD | III | S5 - B.Sc. MATHEMATICS | |
| 12) | MUHAMMED FAVAS M | III | S5 - B.Sc. PHYSICS | |



Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645